# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6026 19.11.2019-ൽ മറുപടിക്ക്

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ; | (എ) | സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65, 66(1) പ്രകാരം അന്വേഷണം നടത്തുകയും അന്വേഷണത്തിൽ നിരവധി സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയതിനാൽ ആയതിന് ഉത്തരവാദികൾ ആയവരെ കണ്ടെത്തുന്നതിന് വകുപ്പ് 68(1) അന്വേഷണം നടത്തി ബാങ്കിനുണ്ടായ നഷ്ടം ഈടാക്കുന്നതിനായി സഹകരണ നിയമം 68(2) പ്രകാരം കൊല്ലം ജോയിന്റ് രജിസ്ട്രാർ സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ബി) | നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) യും (സി) യും | നിക്ഷേപകരുടെ നിക്ഷേപ തുകകൾ മടക്കി നൽകുന്നതിനായി ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് സർക്കാർ അംഗീകരിച്ച് 08.11.2019 ലെ സ.ഉ.(സാധാ)നമ്പർ 661/2019/സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പുനരുദ്ധാരണ പാക്കേജ് പ്രകാരം കൊല്ലം ജില്ലയിലെ സാമ്പത്തിക ഭദ്രതയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപാ വരെ ബാങ്കിന്റെ ക്ലാസിഫിക്കേഷൻ അടിസ്ഥാനത്തിൽ പലിശരഹിത അഡ്വാൻസായി സ്വരൂപിച്ചും ജില്ലാ സഹകരണ ബാങ്കിന്റെ ഫ്ളെക്സി അക്കൗണ്ടിൽ നിക്ഷേപിച്ചും 5 കോടി രൂപ വരെ പ്രവർത്തന മൂലധനം സ്വരൂപിച്ചും, കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ |
| (സി) | പ്രസ്തുത ബാങ്കിന്റെ പുനരുദ്ധാരണത്തിനായി സ്പെഷ്യൽ പാക്കേജ് തയ്യാറാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | നിന്നും ഒരു ഉദ്യോഗസ്ഥനെ ശമ്പള ബാധ്യത ജില്ലാ ബാങ്കിൽ നിലനിർത്തി ടി ബാങ്കിലെ ചീഫ് എക്സിക്യൂട്ടീവായി നിയമിക്കുക വഴിയും ബാങ്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി നിക്ഷേപകരുടെ നിക്ഷേപ തുകകൾ മടക്കി നൽകുന്നതിനുമുള്ള പുനരുദ്ധാരണ പാക്കേജിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**